# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 61 08.06.2015 - ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ തീർപ്പ്

**ചോദ്യം**

**ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**
**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ ; | (എ) | സെക്രട്ടേറിയറ്റിൽ നിയമ, സാങ്കേതിക പ്രശ്നങ്ങളില്ലാത്ത എല്ലാ ഫയലുകളും ഉടൻ തന്നെ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രതിമാസ പ്രവർത്തന പത്രികകളുടെ അവലോകന റിപ്പോർട്ടിലൂടെ എല്ലാ മാസവും വകുപ്പുകൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ, ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണെന്നും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും അന്നേദിവസം സാധ്യമായ എല്ലാ മേലുദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഫയലുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഫയലുകളിൽ ആവശ്യമായ റിപ്പോർട്ട് ചോദിച്ച് താഴെത്തട്ടിലേക്ക് അയക്കുന്ന കത്തുകൾക്കും മറ്റും മറുപടി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ബി) | സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താമസംവിന ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും ഭരണവകുപ്പുകൾ കർശന നിർദ്ദേശം നൽകേണ്ടതും അതു പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ ഏർപ്പെടുത്തിയ ഇ-ഫയൽ സംവിധാനം കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ട്; | (സി) | നിലവിൽ ഇ-ഫയൽ സംവിധാനം സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പിലും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഇതിന്റെ പുരോഗതി വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | അപേക്ഷകന് ഫയലുകളിൽ വേഗത്തിൽ തീർപ്പ് ലഭിക്കുന്നതിനും, ഫയൽ നീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ അറിയുന്നതിനും ആവശ്യമായ ഓഫീസ് പ്രൊസീജർ ഭേദഗതി നടപ്പിലാക്കുമോ? | (ഡി) | ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കുലർ വഴിയും അവലോകന റിപ്പോർട്ടുകൾ മുഖേനയും യഥാസമയങ്ങളിൽ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. എന്നാൽ ഓഫീസ് പ്രൊസീജർ ആയ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഭേദഗതി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ